

# ലോകാന്ത്യമോ?

Giving Light to Our World

## ലോകാന്ത്യമോ?

നാം ജീവിക്കുന്ന ഈ കാലഘട്ടം ഇതുവരെ നാം കണ്ടിട്ടുള്ളതിൽ നിന്നെല്ലാം വ്യത്യസ്ത മായതാണ്. ലോകനേതാക്കൾ, വിവിധങ്ങളായ ഉത്ത രവാദിത്വങ്ങൾ വഹിക്കുന്നവർ തുടങ്ങിയവരെല്ലാം ഇന്നത്തെ ലോകസംഭവങ്ങൾ കണ്ടുകൊണ്ട് ഇനി വരാനിരിക്കുന്നത് എന്തെന്ന് ആശ്ചര്യപ്പെടുന്നു. വാർത്തകളുടെ തലവാചകങ്ങൾ എല്ലാവരും ശ്രദ്ധി ക്കുന്നുണ്ട്. രാഷ്ട്രങ്ങളുടെയും രാജ്യാന്തര ബന്ധ ങ്ങളുടെയും അനിശ്ചിതാവസ്ഥകളും ധനവാന്മാ രെയും ദരിദ്രരെയും ഒരുപോലെ തുടച്ചു നീക്കുന്ന പ്രകൃതിക്ഷോഭങ്ങളുമെല്ലാം അവർ സസൂക്ഷ്മം വീക്ഷിക്കുന്നു. ധാർമ്മിക മൂല്യങ്ങളെ അധഃപതിപ്പി ക്കുന്ന കുറ്റകൃത്യങ്ങൾ പെരുകുകയാണ്. ചരി ത്രത്തെ മാറ്റിമറിക്കുന്ന പലതും പിന്നാലെ വരുന്നു ണ്ടെന്നു അവർ ചിന്തിക്കുന്നു. നാം അന്ത്യത്തിൽ വന്നെത്തിയിരിക്കുകയാണോ എന്ന് അറിയുവാൻ മനുഷ്യർ വെമ്പൽക്കൊള്ളുന്നു.

എപ്പോൾ ലോകം അവസാനിക്കുമെന്നുള്ള തിനു പുതിയ തത്വസംഹിതകൾ ഓരോന്നായി വരു ന്നുണ്ട്. രണ്ടായിരമാണ്ടിൽ ലോകം അവസാനിക്കു

മെന്നു പലരും പറഞ്ഞുകൊണ്ടിരുന്നു. അതു സംഭവിച്ചില്ല. പിന്നെ രണ്ടായിരത്തി പന്ത്രണ്ടിൽ അവസാനിക്കുമെന്നു പറഞ്ഞു. അതും സംഭവിച്ചില്ല. പക്ഷെ അത് എപ്പോഴായിരിക്കുമെന്നും എങ്ങനെ ആയിരിക്കുമെന്നും അധികാരത്തോടെ പറയുന്ന ഒരു പുസ്തകമുണ്ട്. അതാണ് ബൈബിൾ.

## ബൈബിളിലെ പ്രവചനങ്ങൾ:-

ബൈബിളിലെ നൂറുകണക്കായ പ്രവചനങ്ങൾ കൃത്യമായി നിറവേറിയിട്ടുണ്ട്. ഏഴു വർഷത്തെ സുഭിക്ഷതയും തുടർന്നുള്ള ഏഴു വർഷത്തെ കഠിനക്ഷാമവും പണ്ടത്തെ ഈജിപ്തിൽ സംഭവിച്ചത് അതിനു വളരെ മുമ്പുതന്നെ അവർ കണ്ടെത്തിയിരുന്നതായി ഉല്പത്തി നാല്പത്തി ഒന്നിൽ നാം കാണുന്നു. പുരാതന ബാബിലോൺ അന്നത്തെ ഇസ്രായേലിനെ അവരുടെ അവിശ്വസ്തത നിമിത്തം അടിമത്വത്തിലേക്കു കൊണ്ടുപോകുമെന്നും അതു നടക്കുന്നതിനു മുമ്പുതന്നെ പ്രവചിക്കപ്പെട്ടത് യിരമ്യാവ് 25-ൽ നമുക്ക് കാണാം. അതു സംഭവിച്ചുകഴിയുകയും അതു ചെയ്ത ബാബിലോൺ രാജാവ് തന്റെ ശേഷം തുടർന്നു വരുന്ന സാമ്രാജ്യങ്ങളെ കുറിച്ച് കാണുകയും ചെയ്തത് ദാനിയേൽ രണ്ടിൽ

പറയുന്നുണ്ട്. ബൈബിളിൽ യേശുവിനെക്കുറിച്ചു പറയുന്ന പ്രവചനങ്ങൾ അത്യധികം കൃത്യത നിറഞ്ഞതാണ്. ദാനിയേൽ 9:25-27 വാക്യങ്ങൾ യേശു എപ്പോൾ ജനിക്കുമെന്നും എപ്പോൾ മരിക്കുമെന്നും വ്യക്തമായി പറയുന്നവയാണ്. യെശയ്യാവ് 53:7, സങ്കീ. 22:7,8 തുടങ്ങിയ വാക്യങ്ങളെല്ലാം യേശുവിനെ സംബന്ധിക്കുന്ന മറ്റു വസ്തുതകളും വെളിപ്പെടുത്തുന്നുണ്ട്.

## ബൈബിളും അന്ത്യകാല പ്രവചനങ്ങളും:-

വിവിധങ്ങളായ ധാരാളം പ്രവചനങ്ങൾ ബൈബിളിൽ കാണുന്നുണ്ടെങ്കിലും സർവ്വസാധാരണമായത് അന്ത്യകാല പ്രവചനങ്ങളാണ്. പഴയ നിയമത്തിലെ ദാനിയേൽ പുസ്തകവും പുതിയ നിയമത്തിലെ വെളിപ്പാടു പുസ്തകവും കാലാന്ത്യ പ്രവചനങ്ങൾ നിറഞ്ഞവയാണ്. പുതിയ നിയമത്തിൽ മാത്രം ഓരോ ഇരുപത്തിയഞ്ചു വാക്യത്തിലും ഒന്നു എന്ന കണക്കിൽ യേശുവിന്റെ വീണ്ടും വരവിനെ കുറിച്ചുള്ള പ്രവചനങ്ങൾ കാണാവുന്നതാണ്.

ലോകാന്ത്യത്തെക്കുറിച്ചും യേശുവിന്റെ വീണ്ടും വരവിനെ കുറിച്ചും ബൈബിൾ പറയുന്നുണ്ടെ

ങ്കിലും അത് എപ്പോഴാണെന്നു പറയുന്നില്ല. "ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവു മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല (മത്താ. 24:36). "കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും" (2 പത്രൊസ് 3:10). എന്നാൽ അത് എപ്പോൾ ആയിരിക്കുമെന്നുള്ള ചില വസ്തുതകൾ കൂടെ ബൈബിൾ തരുന്നുണ്ട്." നിങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ച് കേൾക്കും " (മത്തായി 24:6)

"സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും ലക്ഷ്യങ്ങൾ ഉണ്ടാകും; കടലിന്റെയും ഓളത്തിന്റെയും മുഴക്കം നിമിത്തം ഭൂമിയിലെ ജാതികൾക്ക് നിരാശയോടു കൂടിയ പരിഭ്രമം ഉണ്ടാകും. ആകാശത്തിന്റെ ശക്തികൾ ഇളകിപ്പോകുന്നതിനാൽ ഭൂലോകത്തിനു എന്തു ഭവിപ്പാൻപോകുന്നു എന്നു പേടിച്ചും നോക്കിപ്പാർത്തും കൊണ്ട് മനുഷ്യർ നിർജ്ജീവന്മാരാകും. അപ്പോൾ മനുഷ്യപുത്രൻ ശക്തിയോടും മഹാതേജസ്സോടും കൂടെ മേഘത്തിൽ വരുന്നത് അവർ കാണും" (ലൂക്കൊസ് 21:25-27)

നാം അന്ത്യത്തോടു അടുക്കുന്നത് എപ്പോഴാ

ണെന്നുള്ള ചില നാഴികക്കല്ലുകൾ ബൈബിൾ നമുക്കു തരുന്നുണ്ട്. പ്രകൃതിദുരന്തങ്ങളും യുദ്ധങ്ങളും സംഭവിക്കുകയും ഇനി എന്താണെന്നു മനുഷ്യർ പറഞ്ഞു ഭയപ്പെടുകയും ചെയ്യും. അതു മാത്രമല്ല, "കള്ള ക്രിസ്തുക്കളും കള്ള പ്രവാചകന്മാരും എഴുന്നേറ്റു കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിപ്പാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും'' (മത്തായി 24:24). ഇപ്രകാരം ബൈബിൾ അനുസരിച്ച് ഭൗമിക നാശങ്ങളും ദുരന്തങ്ങളും മാത്രമല്ല ആത്മീകനാശവും അന്ത്യകാലത്ത് കാണപ്പെടുന്നു. തനിക്ക് സാധിക്കുന്നിടത്തോളം സാത്താൻ സകല മനുഷ്യരെയും വഞ്ചിക്കുന്നു. പള്ളിയിൽ പോകുന്നവരെന്നോ, പോകാത്തവരെന്നോ അവിടെ വ്യത്യാസമില്ല. നിങ്ങൾ നിരീശ്വരവാദിയെന്നോ ക്രിസ്ത്യാനിയെന്നോ ബുദ്ധമതക്കാരനെന്നോ മറ്റെന്തെങ്കിലുമാണെന്നോ എന്തു പറഞ്ഞാലും സാത്താനു കാര്യമില്ല. നിങ്ങൾ പള്ളിയിൽ പോകയും ബൈബിൾ അനുസരിച്ചു ജീവിക്കാതിരിക്കയും ചെയ്യുന്നത് സാത്താനു സന്തോഷമാണ്. ദൈവത്തെ അനുസരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ദൈവം പറയുന്നതുപോലെ ജീവിക്കാതിരുന്നവർക്ക് പുറജാതികൾ നേരിട്ടതുപോലുള്ള

ശിക്ഷ ഉണ്ടായത് ബൈബിൾ ചരിത്രം പരിശോധിച്ചാൽ കാണാവുന്നതാണ്. "അവന്റെ കല്പനകളെ പ്രമാണിക്കുന്നുവെങ്കിൽ നാം അവനെ അറിഞ്ഞിരിക്കുന്നു എന്ന് അതിനാൽ അറിയുന്നു" (1 യോഹന്നാൻ 2:3)

## അന്ത്യത്തിനു വേണ്ടി ഒരുങ്ങുന്നതെങ്ങനെ?

"കാലാന്ത്യത്തിനായി എങ്ങനെ ഞാൻ ഒരുങ്ങണം?" എന്ന് നാം ചോദിക്കുന്നു. ഇതിന് അനേകം വഴികൾ ബൈബിൾ തരുന്നുണ്ട്. അവയെല്ലാം പൂർണ്ണ ഹൃദയത്തോടെ അനുസരിക്കുകയാണെങ്കിൽ നാം യേശുവിന്റെ വീണ്ടും വരവിനു വേണ്ടി ഒരുങ്ങിയിരിക്കും. നിങ്ങളെ ഇത് ബാധിക്കുകയില്ല എന്നുചിന്തിക്കരുത്. വഞ്ചിക്കപ്പെടാതിരിപ്പാൻ ആവർത്തിച്ചുള്ള മുന്നറിയിപ്പുകൾ യേശുതരുന്നത് മത്തായി 24-ൽ നാം വായിക്കുന്നു. അങ്ങനെ സംഭവിക്കുമായിരുന്നില്ലെങ്കിൽ യേശു അത് ആവർത്തിക്കുമായിരുന്നില്ല. ലോകാന്ത്യം വളരെ പ്രതികൂലതകൾ നിറഞ്ഞതായിരിക്കും."ഒരു ജാതി ഉണ്ടായതുമുതൽ ഈകാലംവരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉണ്ടാകും(ദാനി.12:1). ഇത് അത്രഎളുപ്പമായിരിക്കയില്ല. പക്ഷെ പ്രത്യാശയും

ബൈബിൾ തരുന്നുണ്ട്. " എന്നാൽ അവസാനത്തോളം സഹിച്ചുനിൽക്കുന്നവൻ രക്ഷിക്കപ്പെടും" (മത്താ.24:13) "ജയിക്കുന്നവനു ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നൽകും; ഞാനും ജയിച്ച് എന്റെ പിതാവിനോടു കൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെ തന്നെ" (വെളി. 3:21). നാം വഞ്ചിക്കപ്പെടുകയില്ലായെന്ന് നമ്മൾ അറിയുന്നതെങ്ങനെ? "അവർ ഈ വാക്കുപോലെ(ബൈബിൾ) പറയുന്നില്ലെങ്കിൽ" അവരിൽ വെളിച്ചം ഉണ്ടായിരിക്കയില്ല (യെശയ്യാവ് 8:20)

നിങ്ങളുടെ മുഴുജീവിതം യേശുവിനു നൽകുക. അവിടെയും ഇവിടെയുമായി അല്പം മാത്രം പോരാ. നിങ്ങൾ ഏറ്റുപറഞ്ഞ് ക്രിസ്തുവിൽ ഏല്പിക്കുന്ന പാപം മാത്രമെ ദൈവം ക്ഷമിക്കുന്നുള്ളൂ. ഇത് സാത്താനും വളരെ ഇഷ്ടപ്പെടുന്ന കാര്യമാണ്. അവർ ദൈവത്തിന്റേതാണെന്ന് മനുഷ്യർ പറയുകയും സ്വന്തം ഇഷ്ടപ്രകാരം നടക്കുകയും ചെയ്യുന്നത്. ഇക്കാര്യം പിന്നീട് ആകാമെന്ന് നമ്മൾ മാറ്റിവെക്കുകയുമരുത്. "ആ കാലം എപ്പോൾ എന്ന് നിങ്ങൾ അറിയായ്ക കൊണ്ട് സൂക്ഷിച്ചു

കൊൾവിൻ" (മർക്കോസ് 13:33) യേശു എപ്പോൾ വന്നാലും നിങ്ങൾ ഒരുങ്ങിയിരിക്കുക. അത് ഇരുപതോ മുപ്പതോ വർഷങ്ങൾക്കു ശേഷമായിരിക്കുമെന്ന് ചിന്തിച്ച് വിഡ്ഢികൾ ആകരുത്. ആരും അത് അറിയുന്നില്ല. അതുകൊണ്ട് ഇപ്പോൾ തന്നെ ഒരുങ്ങുക.

നിങ്ങളുടെ സ്നേഹിതരോട് ഇതു പറയുക. കാലാന്ത്യം സംഭവിക്കുന്നതിനു മുമ്പ് മറ്റൊന്നു കൂടെ വരുന്നുണ്ട്. തങ്ങൾ ആരെ സ്നേഹിക്കുമെന്ന് ഓരോരുത്തരും തിരഞ്ഞെടുത്തു കഴിയും. "രാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും. അപ്പോൾ അവസാനം വരും" (മത്തായി 24:14). കാലാന്ത്യത്തിൽ രണ്ടു വിഭാഗം മനുഷ്യർ മാത്രമെ ഉണ്ടായിരിക്കയുള്ളൂ. ദൈവത്തെ സേവിച്ചുകൊണ്ട് ക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷത ആകാശമേഘങ്ങളിൽ പ്രതീക്ഷിച്ച് നില്ക്കുന്നവരും (യെശ. 25:9), ക്രിസ്തുവിന്റെ മഹത്വ പ്രത്യക്ഷതയിൽ നശിച്ചുപോകുന്നവരും (വെളി. 6:16,17)

നിങ്ങൾക്ക് രണ്ടു തെരഞ്ഞെടുപ്പുകൾ മാത്രമെയുള്ളൂ. യേശു നൽകുന്ന സൗജന്യക്ഷണം സ്വീക

രിച്ച് യേശുവിനോടൊത്തു ജീവിക്കുക, അല്ലെങ്കിൽ നിങ്ങളുടെ ജീവിതം നിങ്ങൾക്കു വേണ്ടി ഒരുക്കിയിരിക്കുന്ന നിത്യജീവനെ തള്ളിക്കളയുക. ലോകാന്ത്യമെന്നത് വെറുതെ പറഞ്ഞുകളയുവാൻ ഉള്ളതല്ല. അതു വളരെ അടുത്തെത്തിയിരിക്കുന്നു. അത് പ്രയാസങ്ങൾ നിറഞ്ഞതുമാണ്. എന്താണ് നിങ്ങളുടെ തെരഞ്ഞെടുപ്പ്?

## കൂടുതൽ പഠനത്തിന്

GIVING LIGHT TO OUR WORLD

## More on This Topic

Scan the QR code or visit the link below.

www.hopetv.org/glow-peace

Hope CHANNEL DIRECTV Channel 368



## Free Bible Studies

You can also contact us for information about our free Bible study plans and literature.

**www.glowonline.org**